## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Chithra S IAS )

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഇടുക്കി ജില്ല - മൂന്നാർ ഗ്രാമപഞ്ചായത്ത് - എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിയിലെ ക്രമക്കേട് - മൂന്നാർ ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ. രാംകുമാർ എം. ന് എതിരായ അച്ചടക്കനടപടി - അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.04.2016 ലെ ഇ6-9053/16 നമ്പർ കത്ത്
2) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.08.2017, 13.11.2017 തിയതികളിലെ ബി3-4413/15 നമ്പർ റിപ്പോർട്ട്
3) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 15.03.2017 ലെ കെ.എസ്.എ.ഐ.ഡി.കെ.14/246/2017 നമ്പർ കത്ത്
4) പഞ്ചായത്ത് ഡയറക്ടറുടെ 30.12.2017 ലെ പാൻ/11649/2019-ഡി8(ഡിപി) നമ്പർ കുറ്റാരോപണ മെമ്മൊ, കുറ്റപത്രം
5) ശ്രീ.രാംകുമാർ എം. 21.04.2018 ൽ സമർപ്പിച്ച എതിർവാദ പത്രിക
6) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.04.2018 ലെ ബി3-4413/15 നമ്പർ റിപ്പോർട്ട്
7) പഞ്ചായത്ത് ഡയറക്ടറുടെ 27.05.2019 ലെ പാൻ/11649/2019-ഡി8(ഡിപി) നമ്പർ ഉത്തരവ്
8) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.08.2019 ലെ ബി3-4413/15 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
9) പഞ്ചായത്ത് ഡയറക്ടറുടെ 27.06.2020 ലെ പാൻ/11649/2019-ഡി8(ഡിപി) നമ്പർ കാരണം കാണിക്കൽ നോട്ടീസ്
10) ശ്രീ.രാംകുമാർ എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നല്കിയ 1229/2020 നമ്പർ ഒ.എ.
11) ശ്രീ.രാംകുമാർ എം. സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള വിശദീകരണം
12) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.02.2023 ലെ ഒ.എ. 1229/2020 നമ്പർ നമ്പർ ഉത്തരവ്
13) സർക്കാരിൽ നിന്നുള്ള 09.03.2023 ലെ ഇ.പി.ബി.2/113/2020-എൽ.എസ്.ജി.ഡി. നമ്പർ കത്ത്
14) ബഹു.കേരള അഡ്വക്കേറ്റ് ജനറലിന്റെ 02.5.2024 ലെ ലീഗൽ ഒപ്പീനിയൻ റിപ്പോർട്ട്

### ഉത്തരവ് നമ്പർ . LSGD/PD/4289/2023-VIGB4 . തീയതി:28-06-2025

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയതിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി കാണിച്ച് ശ്രീ. ശശിധരൻ എന്നയാൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ മുൻപാകെ പരാതി നൽകിയതിനെ തുടർന്ന് ആയതിൻമേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം

(1) പ്രകാരം നിർദ്ദേശം ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടേ പറയുന്ന അപാകതകൾ ചൂണ്ടികാട്ടിയിരുന്നു.

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപെട്ട 100 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്റ്റിലൂടെ അംഗീകൃത വിതരണക്കാരിൽ നിന്നും ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള 100 ലാപ്പ് ടോപ്പുകൾ വാങ്ങുകയും പിന്നീട് ഓപ്പറേറ്റിംഗ് സിസ്റ്റമായ വിൻഡോസ് സോഫ്റ്റ് വെയർ പ്രത്യേകമായി വാങ്ങി ഇൻസ്റ്റാൾ ചെയ്യുകയും ഉണ്ടായി. പ്രൊക്വയർമെന്റ് കമ്മിറ്റി കൂടാതെയാണ് ടി വാങ്ങൽ പ്രവൃത്തി നടപ്പിലാക്കിയിരുന്നത്. 16.11.2013 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 362/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികളുടെ പട്ടികയിൽ കമ്പ്യൂട്ടർ വിതരണം എന്ന ഇനം ഉൾപ്പെട്ടിരുന്നില്ല. മാത്രമല്ല, മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾ ഏറ്റെടുക്കുന്നതിനു സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരുന്നതുമില്ല. ടി പദ്ധതിക്കായി ചെലവാക്കിയ 42,77,595/- രൂപ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം സർചാർജ് നോട്ടീസ് നല്കിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ സംവിധാനങ്ങളിലെ ക്രമക്കേടുകൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാത്രം ഉത്തരവാദികളാക്കുന്നത് യോജിച്ച നടപടിയല്ലെന്ന് കണ്ട് ടി പദ്ധതിയുമായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ് എന്നിവരുടെ പേര് വിവരം ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയുമുണ്ടായി. പദ്ധതി ഫയലുകളിൽ കുറിപ്പുകൾ എഴുതി അത് സൂപ്രണ്ട് കണ്ട് ആവശ്യമായ ഭേദഗതികളോടെ സെക്രട്ടറിക്ക് സമർപ്പിക്കണമെന്നിരിക്കെ ഇത്തരത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രാംകുമാർ എം. എന്നയാളുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കണ്ട് പരാമർശം (4) പ്രകാരം ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോയും ടി കുറ്റാരോപണ മെമ്മോയോടൊപ്പം ചുവടെപറയുന്ന ആരോപണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള വിശദമായ കുറ്റപത്രവും നല്കുകയുണ്ടായി.

*1. താങ്കൾ മൂന്നാർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനം ചെയ്തു വരവെ സർക്കാർ ഉത്തരവ് 362/2013/തസ്വഭവ തീയതി 16.11.2013 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിയിൽ ഉൾപ്പെടുത്തി 50,00,000/- രൂപ വകയിരുത്തി 100 കമ്പ്യൂട്ടർ വാങ്ങിയത് തികച്ചും ചട്ടവിരുദ്ധവും അധികാര ദുർവിനിയോഗവുമായിരിക്കെ പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്ത താങ്കൾ ഫയലിൽ ആയത് സംബന്ധിച്ച് മതിയായ കുറിപ്പുകൾ എഴുതാതെയും ബന്ധപ്പെട്ട മേലധികാരികളെ വിവരമറിയിക്കാതെയും മനപ്പൂർവ്വം മറച്ച് വച്ച് അഴിമതിക്ക് കൂട്ടുനിന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു.*

*2. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടും സർക്കാരിന്റെ മുൻകൂർ അനുമതിയോ സാധൂകരണമോ തേടാതിരുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റിൽ ചെലവ് നിരാകരിച്ചിട്ടുള്ളതും അതീവ ഗുരുതരമായി കണക്കാക്കുന്നു.*

*3. Linux Operating System ഉള്ള കമ്പ്യൂട്ടർ വാങ്ങുകയും ഇതിൽ പ്രത്യേകമായി Windows System install ചെയ്യുക വഴി 636720 രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിനു സംഭവിച്ചതിൽ പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന താങ്കൾക്കും പങ്കുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു.*

*4. പ്രൊക്യൂർമെന്റ് കമ്മിറ്റി നിർബന്ധമായും കൂടണമെന്നിരിക്കെ ആയത് കൂടാതെ വാങ്ങലുകൾ നടത്തിയത് അഴിമതിക്കും ക്രമക്കേടുകൾക്കും വഴിയൊരുക്കുന്നതിനാണ് എന്നതും ഗൗരവമായി കണക്കാക്കുന്നു.*

*മേൽ വിവരിച്ച ചട്ടവിരുദ്ധ പ്രവർത്തനങ്ങൾക്കും സാമ്പത്തിക ക്രമക്കേടുകൾക്കും അഴിമതിക്കും വഴിയൊരുക്കിയതിനും താങ്കൾക്ക് പ്രസ്തുത കുറ്റപത്രം നൽകുന്നു.*

മേൽ കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രാംകുമാർ എം. പരാമർശം (5) പ്രകാരം ലഭ്യമാക്കിയ എതിർവാദപത്രികയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതിനു ശേഷവും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരവും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിനു ശേഷവുമാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യപ്രകാരമാണ് ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള കമ്പ്യൂട്ടർ വാങ്ങുകയും ഇതിൽ പ്രത്യേകമായി വിൻഡോസ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതെന്നും പദ്ധതി ചെലവിൽ പുരോഗതി കൈവരിക്കുന്നതിനായിട്ടാണ് ടി പദ്ധതി സർക്കാരിന്റെ മുൻകൂർ അനുമതി തേടുന്നതിനു മുൻപ് നടപ്പിലാക്കിയത് എന്നും മാർഗ്ഗരേഖ നിർദ്ദേശം ഉണ്ടായിരുന്നു എന്നും സർക്കാരിനും പഞ്ചായത്തിനും പദ്ധതി നടപ്പിലാക്കിയതു വഴി യാതൊരു നഷ്ടവും ഉണ്ടായില്ല എന്നും മനപ്പൂർവ്വമായ വീഴ്ച സംഭവിക്കാത്തതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും എതിർവാദപത്രികയിൽ വ്യക്തമാക്കിയിരുന്നു.

ശ്രീ. രാംകുമാർ എം. ലഭ്യമാക്കിയ എതിർവാദപത്രികയ്ക്ക് പരാമർശം (6) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായറിപ്പോർട്ടിൽ ലാപ്പ്ടോപ്പ് വാങ്ങി നൽകുന്ന സമയത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു സർക്കാർ അനുമതി ഇല്ലായിരുന്നുവെന്നും ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നല്കിയിട്ടുള്ളത് മറ്റൊരു പഞ്ചായത്തിനായിരുന്നുവെന്നും പദ്ധതി നടപ്പിലാക്കിയതിനുശേഷം സർക്കാരിന്റെ സാധൂകരണം തേടാമായിരിന്നിട്ടും ആയത് നാളിതുവരെ വാങ്ങിയിട്ടില്ല എന്നും അറിയിച്ചു. 24.09.2014 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിക്ക് പ്രത്യേക അനുമതി ആവശ്യമില്ല എന്ന നിഗമനത്തിലാണ് ഫയലിൽ മറ്റ് രേഖപ്പെടുത്തലുകൾ വരുത്താതിരുന്നത് എന്ന ശ്രീ. രാംകുമാറിന്റെ വാദം ഭാഗീകമായി അംഗീകരിക്കാമെന്ന് അഭിപ്രായപ്പെട്ടിരുന്നു. വിൻഡോസ് 7 സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത ഇനത്തിൽ അധികമായി ചെലവഴിച്ച തുക ക്രമപ്രകാരമല്ലായെന്നും പരാമർശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി ആദ്യം ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങാം എന്നു തീരുമാനിക്കുകയും തുടർന്ന് ഗ്രാമസഭാ തീരുമാന പ്രകാരം വിന്റോസ് 7 സോഫ്റ്റ് വെയർ വാങ്ങി സ്ഥാപിക്കുകയും ചെയ്ത തീരുമാനം ശരിയല്ലായെന്നും റിപ്പോർട്ടു ചെയ്യുകയുണ്ടായി.

ശ്രീ.രാംകുമാർ എം.ന് നല്കിയ കുറ്റാരോപണ മെമ്മൊക്ക് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (7) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും പരാമർശം (8) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപെട്ട 100 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിലുടെ അംഗീകൃത വിതരണക്കാരിൽ നിന്നും ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള 100 ലാപ്പ് ടോപ്പുകൾ വാങ്ങുകയും പിന്നീട് ഓപ്പറേറ്റിംഗ് സിസ്റ്റമായ വിൻഡോസ് സോഫ്റ്റ് വെയർ പ്രത്യേകമായി വാങ്ങി ഇൻസ്റ്റാൾ ചെയ്യുകയും ഇത്തരത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും അതുവഴി പഞ്ചായത്തിനു ഭീമമായ തുക നഷ്ടപ്പെടാൻ ഇടയാക്കിയെന്നും ടി പദ്ധതിയുടെ നിർവ്വഹണം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നടത്തണം എന്നിരിക്കെ സെക്രട്ടറി ഏറ്റെടുത്ത് നടപ്പിലാക്കിയതിലും ജൂനിയർ സൂപ്രണ്ടിനെ ഒഴിവാക്കി പ്ലാൻ ക്ലാർക്കും സെക്രട്ടറിയും നേരിട്ട് ഫയൽ കൈകാര്യം ചെയ്തതും സദുദ്ദേശപരമായിട്ടല്ലായെന്നും നിലവിൽ ചെലവാക്കിയ തുകയെക്കാൾ വളരെ കുറഞ്ഞ തുകയിൽ പദ്ധതി നടപ്പിലാക്കാമായിരുന്നിട്ടും ആയതിനു മുതിരാതിരുന്നതും സംശയം ഉളവാക്കിയതായും സെക്രട്ടറിയുടെയും പ്ലാൻ ക്ലാർക്കിന്റെയും നടപടിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതിനാൽ ടി ജീവനക്കാർക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾക്കും ശുപാർശ ചെയ്തിരുന്നു.

ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ ഔദ്യോഗിക കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതെയും സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമല്ലാതെയും തികച്ചും നിരുത്തരവാദപരമായി പെരുമാറിയതു വഴി സർക്കാരിനു സാമ്പത്തികനഷ്ടം സംഭവിച്ചതായും ആയത് അതീവ ഗുരുതരവും ശിക്ഷാർഹവുമായി കാണുന്നു എന്നതിനാലും മൂന്നാർ

ഗ്രാമപഞ്ചായത്ത് പ്ലാൻ ക്ലാർക്കിന്റെ ഭാഗത്തു നിന്നും ഉണ്ടായ മേൽ വീഴ്ചകൾ കഠിന ശിക്ഷ അർഹിക്കുന്നതാണ് എന്ന് കണ്ട് ശ്രീ.രാംകുമാർ എം. എന്നവരെ നിലവിലെ തസ്തികയിൽനിന്നും തൊട്ടു താഴെയുള്ള തസ്തികയിലേക്ക് 3 വർഷത്തേക്ക് തരംതാഴ്ത്തുമെന്ന ശിക്ഷ നൽകുന്നതിന് താത്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

മേൽ വിഷയം സംബന്ധിച്ച് ശ്രീ.രാംകുമാർ എം. എന്നവർക്ക് എതിരായി ആരംഭിച്ച അച്ചടക്ക നടപടിക്കെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാമർശം (10) പ്രകാരം കേസ് നല്കുകയും തുടർന്ന് ടിയാനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി നല്കിയ പരാമർശം (4) കുറ്റാരോപണ മെമ്മൊയും കുറ്റപത്രവും, പരാമർശം (8) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്, പരാമർശം (9) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് എന്നിവ റദ്ദ് ചെയ്ത് പരാമർശം (12) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു. കോടതിയുടെ ടി ഉത്തരവിന്മേൽ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് പരാമർശം (13) പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ബഹു.കോടതിയുടെ ടി ഉത്തരവിൽ ടിയാനെതിരായി നല്കിയ കുറ്റാരോപണ മെമ്മൊയിലെ അവ്യക്തതയും ഔപചാരിക അന്വേഷണത്തിലെ നടപടിക്രമങ്ങളിലെ അപാകതയുമാണ് പ്രധാനമായും ടിയാനെതിരായ അച്ചടക്കനടപടി റദ്ദ് ചെയ്യുന്നതിന് കാരണമായി ബഹു. കോടതി കണ്ടെത്തിയിട്ടുള്ളതെന്നും ടി ഉത്തരവിന്മേൽ അപ്പീൽ നല്കുന്നതിന് സാധ്യതയില്ല എന്നും പരാമർശം (14) പ്രകാരം നിയമോപദേശം ലഭ്യമായിട്ടുണ്ട്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മൂന്നാർ ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ. രാംകുമാർ എം. എന്നയാൾക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെതിരെ നല്കിയ പരാമർശം (4) കുറ്റാരോപണ മെമ്മൊ, കുറ്റപത്രം, പരാമർശം (8) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്, പരാമർശം (9) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് എന്നിവ റദ്ദ് ചെയ്ത് പരാമർശം (12) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ബഹു.കോടതിയുടെ ടി ഉത്തരവിന്മേൽ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് പരാമർശം (13) പ്രകാരം സർക്കാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ബഹു.കോടതിയുടെ ടി ഉത്തരവിന്മേൽ അപ്പീൽ നല്കുന്നതിന് സാധ്യതയില്ല എന്ന് പരാമർശം (14) പ്രകാരം നിയമോപദേശം ലഭ്യമായിട്ടുള്ള സാഹചര്യത്തിലും ടി വിഷയവുമായി ബന്ധപ്പെട്ട് മൂന്നാർ ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ. രാംകുമാർ എം. എന്നയാൾക്കെതിരായുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

ശ്രീ.രാംകുമാർ എം.
മുൻ സീനിയർ ക്ലാർക്ക്, മൂന്നാർ ഗ്രാമപഞ്ചായത്ത്
നിലവിൽ ഹെഡ് അക്കൗണ്ടന്റ്, പള്ളിവാസൽ ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന
2. തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ (ഉത്തരവ് ശ്രീ.രാംകുമാർ എം.ന് നല്കി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
3. സൂപ്രണ്ട്, ഡി.ഇ.ഡി. സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമപ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി